കർഷകതൊഴിലാളികളുടെ കൂലിനിരക്ക്

*൯൫൪. (൩൦) ടി. വി. ദേവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) കർഷകതൊഴിലാളികളായ തൊഴിലാളികൾക്ക് കൂലിനിരക്ക് നിശ്ചയിക്കുന്നതിനു ബഹുമാനപ്പെട്ട ഗവൺമെണ്ട് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതു രീതിയിലാണെന്ന് ദയവായി പറയുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

നിത്യോപയോഗസാധനങ്ങളുടെ വിലകയറ്റം.

*൯൫൫. (൩൮) ശ്രീ. അലക്സാണ്ടർ വാകയിൽ. താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വിദ്യാഭ്യാസവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ .—

(എ) ജീവസന്ധാരണത്തിനാവശ്യങ്ങളായ സാധന സാമഗ്രികൾക്ക് സീമാതീതമായി വില വർദ്ധിച്ചുവരുന്നതുനിമിത്തം സാമാന്യജനങ്ങൾ വളരെ കഷ്ടപ്പെട്ടുന്നുണ്ടെന്നുള്ള സംഗതി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ ;

(ബി) നിത്യോപയോഗസാധനങ്ങളുടെ കുതിച്ചുകയറ്റം വിലയെ തടയുവാൻ എന്തെങ്കിലും പദ്ധതി ഗവൺമെണ്ട് ആസൂത്രണം ചെയ്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.

(എ) ഇല്ല.

(ബി) നിത്യോപയോഗസാധനങ്ങളായ അരി, പഞ്ചസാര, മണ്ണെണ്ണ, വസ്ത്രം, പെട്രോൾ, മരുന്നുകൾ ആദിയായവയുടെ പരമാവധി വിലകൾ ഗവൺമെണ്ട് നിയന്ത്രണം ചെയ്തിട്ടുണ്ട്.

EDUCATIONAL SYSTEM

*455. [37] **Sri. Joseph Mundassery:** Will the Hon'ble Minister for Education be pleased to state:—

the steps taken by Government towards the reorganisation and standardisation of the educational system in the State ?

Sri. Panampilli Govinda Menon: The courses of study in the Travancore and Cochin States were unified and introduced in the 1st 3 classes in the Cochin area and the last 4 classes in the Travancore area in the Primary Department and for the whole middle school course and in Form IV of the High School Course from 1949—50.

ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ടിലെ വ്യയസങ്കോചനം

*൯൫൬. (൫൪) ശ്രീമതി ദേവകീഗോപിദാസ് :

ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ടിൽ വ്യയസങ്കോചനം നടപ്പിൽ വരുത്തുന്നതു നിമിത്തം എത്ര ഉദ്യോഗസ്ഥന്മാരെ കുറവുചെയ്യുണ്ടെന്നു നിശ്ചയിച്ചിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

വ്യയസങ്കോചനപദ്ധതി ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു. ഒരു തീരുമാനവും ഇതുവരെ പിരിച്ചുവിടിട്ടില്ല.

നെൽകൃഷിക്കു കൊടുത്ത വനം.

*൯൫൭. (൫൩) ശ്രീമതി ദേവകീഗോപിദാസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ ?

(എ) ൧൯൫൪-ൽ വനത്തിൽനിന്നും എത്ര ഏക്കർ സ്ഥലം നെൽകൃഷിക്ക് കൊടുത്തിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ ;

(ബി) അതിൽ പിന്നോക്കസമുദായക്കാർക്ക് എത്ര ഏക്കർ കൊടുത്തിട്ടുണ്ടെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly